## യൂണിറ്റ് - 12

# സമ്പദ് വ്യവസ്ഥയും സർക്കാരും

1. ലോകത്തുള്ള സമ്പദ് വ്യവസ്ഥകളിലൊന്നാണ് സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥ. മറ്റു രണ്ടു സമ്പദ് വ്യവസ്ഥകൾ എഴുതുക.

**സ്കോർ : 1**

2. താഴെ നല്കിയിട്ടുള്ളവ പട്ടികപ്പെടുത്തുക.

a. സ്വകാര്യമേഖലയ്ക്ക് പ്രാധാന്യക്കുറവ്
b. സ്വതന്ത്രകമ്പോള വ്യവസ്ഥ
c. സർക്കാർ ഇടപെടൽ നാമമാത്രം
d. സ്വതന്ത്രമായ സ്വകാര്യ മേഖല
e. ഉല്പാദനം പൊതു ഉടമസ്ഥതയിൽ
f. കേന്ദ്രീകൃതാസൂത്രണം

| മുതലാളിത്ത സമ്പദ് വ്യവസ്ഥ | സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥ |
|---|---|
| • | • |
| • | • |
| • | • |

**സ്കോർ : 3**

3. ഇന്ത്യയിൽ നിലനില്ക്കുന്ന സമ്പദ് വ്യവസ്ഥ ഏത്? അതിന്റെ രണ്ടു സവിശേഷതകൾ എഴുതുക.

**സ്കോർ : 3**

4. ചുവടെ നല്കുന്ന വിവിധതരം നികുതികളെ പ്രത്യക്ഷനികുതി, പരോക്ഷ നികുതി എന്നിങ്ങനെ പട്ടികപ്പെടുത്തുക.

a. വ്യക്തിഗത വരുമാന നികുതി
b. എക്സൈസ് ഡ്യൂട്ടി
c. കമ്പനി ആദായ നികുതി
d. വില്പന നികുതി

**സ്കോർ : 2**

5. തദ്ദേശസ്വയംഭരണ സർക്കാരുകൾ ചുമത്തുന്ന ഏതെങ്കിലും 2 തരം നികുതികൾ എഴുതുക.

**സ്കോർ : 1**

6. ചെലവും വരുമാനവും തുല്യമായ ബജറ്റാണ് സംതുലിത ബജറ്റ്. എന്നാൽ താഴെപ്പറയുന്ന ബജറ്റുകളുടെ സ്വഭാവമെന്ത്?

a. കമ്മി ബജറ്റ്
b. മിച്ച ബജറ്റ്

**സ്കോർ : 2**

7. താഴെ നല്കുന്ന പൈ ഡയഗ്രം വിശകലനം ചെയ്ത് നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

a. കേന്ദ്രസർക്കാരിന് ഏറ്റവും അധികം വരുമാനം ലഭിക്കുന്നത് ഏത് നികുതിയിൽ നിന്ന്?

b. സേവന നികുതിയിൽ നിന്ന് ലഭിക്കുന്നത് എത്ര കോടിരൂപ?

c. ഏറ്റവുമധികം പണം ലഭിച്ച നികുതിയേതര വരുമാനമാർഗമേത്?

d. ലാഭമിനത്തിൽ ലഭിച്ച എത്രകോടി രൂപയാണ്?

**കേന്ദ്രബജറ്റ് 2010 – 2011**




**രൂപ കോടിയിൽ**

**നികുതിവരുമാനമാർഗ്ഗങ്ങൾ**

A കോർപ്പറേഷൻ നികുതി

B ആദായ നികുതി

C കസ്റ്റംസ് ഡ്യൂട്ടി

D യൂണിയൻ എക്സൈസ് ഡ്യൂട്ടി

E സേവന നികുതി

F മറ്റ് നികുതികൾ




**രൂപ കോടിയിൽ**

**നികുതിയേതര വരുമാനമാർഗ്ഗങ്ങൾ**

A വായ്പ

B പലിശ

C ലാഭം

D ഗ്രാന്റ്

E മറ്റ് വരുമാനങ്ങൾ

**സ്കോർ : 4**

---

8. നികുതി യഥാസമയം ഒടുക്കുന്നത് രാഷ്ട്രപുരോഗതിയ്ക്കുപകരിക്കുമെന്നു പറയുന്നതെന്തുകൊണ്ട്?

**സ്കോർ : 2**

---

9. നികുതി യഥാസമയം ഒടുക്കാതിരിയ്ക്കുന്നത് രാഷ്ട്രപുരോഗതിക്കു തടസമുണ്ടാക്കുമെന്നു പറയാൻ കാരണമെന്ത്?

**സ്കോർ : 2**

---

10. പ്രത്യക്ഷനികുതിയും പരോക്ഷ നികുതിയും തമ്മിലുള്ള പ്രധാനവ്യത്യാസം എന്ത്?

**സ്കോർ : 2**

---

11. ബജറ്റിന്റെ പ്രധാനഘടകങ്ങൾ എഴുതുക.

**സ്കോർ : 3**

---

12. "സാമ്പത്തിക പ്രവർത്തനങ്ങളുടെ ദിശാബോധത്തിനുള്ള പ്രധാന ഉപാധി എന്ന നിലയിൽ ബജറ്റിന് വളരെ പ്രാധാന്യമുണ്ട്." നിങ്ങളുടെ അഭിപ്രായം എഴുതുക.

**സ്കോർ : 3**

---

13. സാമ്പത്തികമേഖലയിൽ 'സ്വതന്ത്രകമ്പോളം വിട്ടുനില്ക്കുന്ന രംഗങ്ങളിൽ സർക്കാർ ഇടപെടൽ അനിവാര്യമാകുന്നു.' എന്തുകൊണ്ട്? അത്തരം ഇടപെടലിന് രണ്ട് ഉദാഹരണങ്ങൾ എഴുതുക.

**സ്കോർ : 3**

---

14. ഉയർന്ന വരുമാനമുള്ളവരിൽ നിന്ന് ഉയർന്ന നിരക്കിൽ നികുതി പിരിക്കുന്നു. സാമ്പത്തിക അസമത്വം കുറയ്ക്കുന്നതിനുള്ള ഒരു നടപടിയായി ഇതിനെ പരിഗണിക്കാമോ? എന്തുകൊണ്ട്?

**സ്കോർ : 2**

---

15. എന്താണ് ബജറ്റ്? സർക്കാരിന്റെ സാമ്പത്തിക പ്രവർത്തനങ്ങളിൽ ബജറ്റിനുള്ള പ്രാധാന്യമെന്ത്?

**സ്കോർ : 2**

---

16. ഉയർന്ന നികുതിയേർപ്പെടുത്തണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നത് ജീവൻരക്ഷാ ഔഷധങ്ങൾക്കാണോ ആഡംബരക്കാറുകൾക്കാണോ? എന്തുകൊണ്ട്?

**സ്കോർ : 2**

---

17. രോഗപ്രതിരോധം, ഭക്ഷ്യസുരക്ഷ തുടങ്ങിയ രംഗങ്ങളിൽ സ്വകാര്യമേഖല താല്പര്യം കാണിക്കുന്നില്ല. കാരണം വ്യക്തമാക്കുക.

**സ്കോർ : 2**

---

18. നികുതിഭാരം എന്ന പദം അർഥമാക്കുന്നതെന്ത്?

**സ്കോർ : 1**

---

19. പ്രത്യക്ഷ നികുതികൾ പരോക്ഷ നികുതികളിൽ നിന്ന് വേർതിരിച്ചറിയുന്നതെങ്ങനെ?

**സ്കോർ : 2**

---

20. വിനോദ നികുതി, കെട്ടിട നികുതി എന്നിവ ഏത് തരം നികുതികളാണ്?

**സ്കോർ : 1**

---

21. ഉയർന്ന നികുതി ചുമത്തണമെന്ന് നിങ്ങളാഗ്രഹിക്കുന്ന വസ്തുക്കളിൽ ഒരെണ്ണത്തിന്റെ പേരെഴുതി കാരണം പറയുക.

**സ്കോർ : 3**

---

22. സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനസൗകര്യവികസനത്തിനായി സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികൾക്ക് 2 ഉദാഹരണമെഴുതുക.

**സ്കോർ : 2**

---